കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/ബി.പി-1372/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

ഫോൺ: 0477-2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി: 08.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

.

സർ,

വിഷയം : പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് - 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-9 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-1327/2017 തീയതി, 08.11.2017

## ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21-09-16 മുതൽ 24.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ആർ.അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 25.10.2017മുതൽ<br>31.10.2017 വരെ | ശ്രീ. സുരേഷ് എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.രാജിമോൾ.പി.സി, ഓഡിറ്റർ |
| | ശ്രീ.സുനിൽ. കെ.ബി, ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | | |
|---|---|---|
| വത്സലാ തമ്പി | പ്രസിഡന്റ് | 01/04/2016-31/03/2017 |

സെക്രട്ടറി

| | | |
|---|---|---|
| ഡി. പ്രസന്നൻ പിള്ള<br>എസ്സ്. സലില | സെക്രട്ടറി | 01/04/2016-01/08/2016FN<br>01/08/2016-31/03/2017 |

മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരം

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | സെക്രട്ടറി | 1. ഡി.പ്രസന്നൻപിള്ള,<br>2. എസ്സ്.സലില, | 01/04/2016-01/08/2016FN<br>01/08/2016- 31/03/2017 |
| 2 | ക്ഷീരവികസന ഓഫീസർ | 1.പി.ശിബിചക്രവർത്തി<br>2. എൽ.സുസ്മിത, | 01/04/2016-04/8/2016<br>05/08/16-31/03/17 |
| 3 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ചിത്രം.ടി. | 01/04/2016-31/03/2017 |
| 4 | മെഡിക്കൽ ഓഫീസർ, സിഎച്ച്സി, തുറവൂർ | ഡോ. ആർ. റൂബി | 01/04/2016-31/03/2017 |
| 5 | സിഡിപിഒ, പട്ടണക്കാട് | ലേഖ | 01/04/2016-31/03/2017 |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1. എം.ടി. ശിവൻകുട്ടി.<br>2. സുന്ദർലാൽ.ഏ.ആർ. | 01/04/2016-25/09/17<br>26/09/16-31/03/2017 |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1മുതൽ 1-9 വരെ | പൊതു അവലോകനം |
| | | ഭാഗം 2 |
| 2 | 2-1 | ടെണ്ടർഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല |
| | | ഭാഗം 3 |
| 3 | 3-1 | പ്രസിഡന്റിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ വാഹനം - സാമ്പത്തിക അച്ചടക്കം പാലിച്ചില്ല |
| 4 | 3-2 | അംഗപരിമിതർക്ക് ലഘൂകരണ ഉപകരണം (ജനറൽ) പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| 5 | 3-3 | എക്സ്-റേ ഡിജിറ്റലൈസേഷൻ |
| 6 | 3-4 | വനിതാ ക്ഷീരകർഷകർക്ക് കിടാരി വിതരണം - ബിൽ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയില്ല |

| | | |
|---|---|---|
| 7 | 3-5 | കൃഷി അസിസ്റ്റൻറ് ഡയറക്ടർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ |
| 8 | 3-6 | സിഎച്ച്സി-ഡയാലിസിസ് യൂണിറ്റിലേയ്ക്ക് മരുന്ന് വാങ്ങൽ |
| 9 | 3-7 | കാലി വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു -നഷ്ടം 14000/- |
| 10 | 3-8 | നാളികാട്ട് -വേന്തനേഴത്ത് റോഡ് കാനനിർമ്മാണം -പാർശ്വ ഭിത്തി നിർമ്മിച്ചത് സിമന്റ് കോൺക്രീറ്റിംഗിൽ - റീഇൻഫോഴ്സ്മെന്റിന് തുക അനുവദിച്ചു |
| 11 | 3-9 | ബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ അറ്റകുറ്റപ്പണി |
| 12 | 3-10 | തുറവൂർ ഗ്രാമപഞ്ചായത്ത് വാർഡ് -9 SC ഓഡിറ്റോറിയത്തിന് അടുക്കളയും അടിസ്ഥാന സൗകര്യവും - വരവ് -ചെലവു കണക്കൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 13 | 3-11 | സേവന നികുതി കരാറുകാരനിൽ നിന്നും ഈടാക്കിയില്ല - ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതവും ഒടുക്കിയില്ല |
| 14 | 3-12 | പട്ടികജാതി വൃദ്ധജനങ്ങൾക്ക് ആയുർവ്വേദ ആരോഗ്യപരിപാലന പരിപാടി- അപാകതകൾ |
| 15 | 3-13 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ |
| 16 | 3-14 | അംഗപരിമിതർക്ക് ലഘൂകരണ ഉപകരണം (ജനറൽ) - വകയിരുത്തിയതിനേക്കാൾ അധികം തുക ചെലവഴിച്ചു |
| ഭാഗം 4 | | |
| 17 | 4-1മുതൽ 4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 04-03-16 തിയതിയിലെ ||(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 571865981/- രൂപയുംപ്രതീക്ഷിത ചെലവ് 571865981/- രൂപയും ആണ്. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് 10.75 കോടി രൂപയും ചെലവ് 12.17 കോടി രൂപയുമാണ്.

1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 34097976 | 25987981 | 8109995 | 76% |
| വികസനഫണ്ട് എസ്.സി.പി. | 14985681 | 14430975 | 554706 | 96% |
| വികസനഫണ്ട് ടി.എസ്.പി. | 383232 | 307668 | 75564 | 80% |
| സംരക്ഷണഗ്രാന്റ് റോഡ് | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5302215 | 3628489 | 1673726 | 68% |

1-5പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 85 | 59904079 | 75 | 45802880 | | 10 | 74% |

1-6 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വരവുണ്ട്. മുൻവർഷം പരിഗണനീയമായ അളവിൽ തനത് വരുമാനം ഉണ്ടാകാതിരുന്നതിനാൽ താരതമ്യം ചെയ്തിട്ടില്ല.

നികുതിയേതര വരവുകൾ - 116145

മറ്റുവരവ് - 772128

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-10-17 ഉച്ചതിരിഞ്ഞ് 2.25Pmന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് ഇല്ലായെന്നു ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ മുൻകൂർ നൽകിയ തുകകളുടെ ക്രമീകരണ വിവരങ്ങൾ പരിശോധിക്കുവാൻ സാധിക്കാതെ വരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർ വഴി നടപ്പിലാക്കുന്ന പ്രോജക്ടുകൾക്കുള്ള ഗുണവിഹിതം പിരിക്കുന്നതിന് രസീത്

ഉപയോഗിക്കുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമാക്കിയില്ല. | 2015-16 | 19-06-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-01-2014 | 2009-10 to 2012-13 | 04-03-2014 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ടെണ്ടർഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല

2016-17സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച തുക ജില്ലാപഞ്ചാത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ട് വരവുവെയ്ക്കേണ്ടതായതിനാൽ തിരികെ ഈടാക്കി തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രസിഡന്റിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ വാഹനം - സാമ്പത്തിക അച്ചടക്കം പാലിച്ചില്ല

12-06-2012 ൽ പ്രസിഡന്റിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ KL32C 3333 നമ്പർ ഫോർഡ് ഫിയസ്റ്റ കാർ 25-02-2016ൽ പാതിരപ്പള്ളിയിൽ വെച്ച് അപകടത്തിൽപ്പെടുകയും, തുടർന്ന് ഫോർഡിന്റെ ഔദ്യോഗിക വിതരണക്കാരായ കൈരളി ഫോർഡ്, ടി വാഹനം കളമശ്ശേരിയിലുള്ള അവരുടെ വർക്ക് ഷോപ്പിലേയ്ക്ക് കൊണ്ടുപോവുകയും ചെയ്തു. വാഹനം തകരാർ പരിഹരിച്ച് നൽകുവാൻ 5,20,819/- രൂപയുടെ എസ്റ്റിമേറ്റ് കമ്പനി നൽകുകയും ചെയ്തു. ഈയവസരത്തിൽ തന്നെ 4,09,980/- രൂ. അപകട ഇൻഷ്വറൻസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുമുണ്ട്. അതായത് ഇൻഷ്വറൻസ് തുകയും, കൂടി 110839/-രൂപ ചെലവാക്കിയിരുന്നുവെങ്കിൽ കേവലം മൂന്നര വർഷം മാത്രം പഴക്കമുള്ള ഈ വാഹനം നിരത്തിലിറക്കി ഉപയോഗിക്കാൻ കഴിയുമായിരുന്നു. ഇങ്ങനെയൊരു സാദ്ധ്യത നിലനിൽക്കെ, അതു പരിഗണിക്കാതെ 9,87,610/-രൂപയ്ക്ക് (ഇൻഷ്വറൻസ് 92,750/- രൂ. അടക്കം) പുതിയൊരു വാഹനം (മഹീന്ദ്ര സ്കോർപ്പിയോ എസ്സ് 4 പ്ലസ്സ് KL32 K9037) വാങ്ങിയതായി കാണുന്നു. ടി ഇടപാടിൽ 4,76,791/-രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. വാങ്ങലുകൾ നടത്തുമ്പോൾ അധികച്ചെലവുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-3/28.10.17 ന് മറുപടി ഹാജരാക്കിയിട്ടില്ല. വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 3-2 അംഗപരിമിതർക്ക് ലഘൂകരണ ഉപകരണം (ജനറൽ) പദ്ധതി നടത്തിപ്പിൽ അപാകതകൾ

പ്രോജക്റ്റ് നം. എസ്സ്0042/17

അടങ്കൽ 13,00,000/- (വികസന ഫണ്ട്)

ചെലവ് 15,70,961/-

ബിൽ നം. 1/16-17, തീയതി,28.02.17

സിഡിപിഒ നിർവ്വഹണം നടത്തിയ അംഗപരിമിതർക്ക് ലഘൂകരണ ഉപകരണം (ജനറൽ) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സൈഡ് വീലോട് കൂടിയ ഇരുചക്ര വാഹനം നൽകിയ ശ്രീ.അസീസ്, വടക്കേപുന്നയ്ക്കാവെളി, എഴുപുന്ന, ചേർത്തല, എന്നയാൾക്ക് നൽകിയിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് അനുസരിച്ച് ടിയാൾക്ക് 85% വികലാംഗത്വം ഉണ്ട്. എന്നാൽ ടിയാൾക്ക് ലൈസൻസ് ലഭ്യമായതായി കാണുന്നില്ല. ഇത്രയും കൂടുതൽ വികലാംഗത്വം ഉള്ളയാൾക്ക് വാഹനം കൈകാര്യം ചെയ്യാൻ പ്രയാസമായിരിക്കും. ടിയാൾക്ക് ലൈസൻസ് ലഭ്യമായതായി കാണുന്നില്ല. അതിനാൽ ഈ വാഹനത്തിന്റെ വില (60480/-രൂ.) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/30.10.17) മറുപടിയും ഹാജരാക്കിയിട്ടില്ല.

വാഹനം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടെയും ലൈസൻസുകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. അതുപോലെ ശ്രീ. സുരേഷ് കുമാർ, മുല്ലശ്ശേരി വാർഡ്, തുറവൂർ എന്ന ഗുണഭോക്താവ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ടി പ്രോജക്ടിനായി ചെലവഴിച്ച 15,70,961/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 എക്സ്-റേ ഡിജിറ്റലൈസേഷൻ

പ്രോജക്റ്റ് നം. – എസ്സ്0030/17

അടങ്കൽ – 9,00,000/-

ചെലവ് – 8,70,000/-

ബിൽ നം. – 3/16-17/28-02-2017

മെഡിക്കൽ ഓഫീസർ, സിഎച്ച്സി, തുറവൂർ നിർവ്വഹണം നടത്തിയ എക്സ്-റേ ഡിജിറ്റലൈസേഷൻ എന്ന പദ്ധതിക്കായി 9,00,000/-രൂപയാണ് പ്രോജക്റ്റിൽ വകയിരുത്തിയിട്ടുള്ളത്. 8,70,000/-രൂ. ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ടെന്റർ നടപടികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ബാപ്പുൺസ് മെഡിക്കൽ സിസ്റ്റംസ്, ഫ്യൂജി ഫിലിംസ് (പ്രൈ) ലിമി. എന്നിങ്ങനെ രണ്ട് പേർ മാത്രമാണ് ടെണ്ടർ നടപടികളിൽ പങ്കെടുത്തിട്ടുള്ളത്. ഇതിൽ കുറവ് തുക ക്വാട്ട് ചെയ്ത ബാപ്പുൺസ് മെഡിക്കൽ സിസ്റ്റംസിന് (8,70,000/-) പദ്ധതി നടത്തുവാൻ അനുമതി നൽകി. (ഫ്യൂജി ഫിലിംസ് ക്വാട്ട് ചെയ്ത തുക 9.45 ലക്ഷം രൂ.) ടെൻഡറിൽ പങ്കെടുത്ത രണ്ട് പേരും എക്സ്-റേ ഡിജിറ്റലൈസേഷൻ ചെയ്യുന്നതിനായി ഫ്യൂജി കമ്പനിയുടെ ഉപകരണങ്ങൾ ഉപയോഗിക്കുമെന്നാണ് (സ്കാനർ, പ്രിന്റർ) ടെണ്ടറിൽ പറഞ്ഞിരിക്കുന്നത്. ഫ്യൂജി കമ്പനി നേരിട്ട് നൽകുന്നതിനെക്കാൾ കുറഞ്ഞ തുകയിൽ ഫ്യൂജി കമ്പനിയുടെ ഉപകരണങ്ങൾ സ്ഥാപിച്ച് പദ്ധതി നടത്താമെന്ന് കാണിച്ച് ഇടനിലക്കാരൻ ക്വട്ടേഷൻ നൽകിയിരിക്കുന്നു. അതിവിടെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തന്നെയുമല്ല, വാറന്റി കാലയളവിൽ ഉപകരണങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള കേടുപാടുകൾ സംഭവിച്ചാൽ ആയത് പരിഹരിക്കേണ്ടതും ഫ്യൂജി കമ്പനി തന്നെയാണ്. ക്വട്ടേഷനുകളിൽ പറഞ്ഞിരിക്കുന്ന സാധനങ്ങളുടെ ലിസ്റ്റ് വിശദമായി പരിശോധിച്ചപ്പോൾ മനസ്സിലായത്, പ്രധാന ഇനങ്ങളായ സ്കാനർ, പ്രിന്റർ എന്നിവ ഫ്യൂജി ഫിലിംസ് ക്വാട്ട് ചെയ്തതിനേക്കാൾ കുറഞ്ഞ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങളാണ് ബാപ്പുൺസ് ക്വാട്ട് ചെയ്തിരിക്കുന്നത്. അതുകൊണ്ടു തന്നെ സ്വാഭാവികമായി നിരക്കിലും കുറവ് സംഭവിച്ചിട്ടുണ്ട്. രണ്ട് ക്വട്ടേഷനുകളിലും പറഞ്ഞിരിക്കുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനിലും, പ്രവർത്തനങ്ങളിലും വലിയ അന്തരം ഉള്ളതിനാലാണ് ബാപ്പുൺസ് മെഡിക്കൽ സിസ്റ്റംസിന് കുറഞ്ഞ നിരക്ക് ക്വാട്ട് നൽകാൻ കഴിഞ്ഞതെന്ന് മനസ്സിലാകുന്നു. വിശദാംശങ്ങൾ ചുവടെ,

ബാപ്പുൺസ് മെഡിക്കൽ സിസ്റ്റംസ്

| Machine name | Specifications |
|---|---|

| | |
|---|---|
| FCR PRIMA T (scanner) | 57 IPs/hour |
| Dry Pix-Lite (Printer) | Model dry Pix 2000 |

ഫ്യൂജി ഫിലിംസ് (പ്രൈ) ലിമി.

| Machine name | Specifications |
|---|---|
| FCR PRIMA T2 (scanner) | 73 IPs/hour<br>Throughput increased about 30% compared with FCR PRIMA T |
| Dry Pix-Smart (Printer) | Dry Pix 6000<br>80 sheet/hour<br>Fuji medical dry Laser Imager |

ബാപ്പൂൺസ് മെഡിക്കൽ സിസ്റ്റംസ് ക്വട്ട് ചെയ്ത സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ നിർമ്മാതാക്കളായ ഫ്യൂജി ഫിലിംസ് (പ്രൈ) ലിമിറ്റഡിൽ നിന്നും വാങ്ങാൻ ശ്രമം നടത്തിയതായി കാണുന്നില്ല. ഇത്തരം വാങ്ങലുകൾ നടത്തുമ്പോൾ നിർമ്മാണ കമ്പിനികളിൽ നിന്നും വാങ്ങുന്നത് ചെലവു കുറക്കാൻ സാധിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അതിനാൽ ഇതിലേക്ക് പർച്ചേസ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ്അന്വേഷണം -12 ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 3-4 വനിതാ ക്ഷീരകർഷകർക്ക് കിടാരി വിതരണം - ബിൽ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 'വനിതാ ക്ഷീരകർഷകർക്ക് ഗർഭിണി കിടാരി'(പ്രോജക്ട്നം S0023/17), 'പട്ടികജാതി വനിതകൾക്ക് ഗർഭിണി കിടാരി' (പ്രോജക്ട്നം S0024/17) എന്നീ പദ്ധതികൾ പ്രകാരം കിടാരികളെ വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതനുസരിച്ച് ശ്രീമതി.സുമ, പണിക്കശ്ശേരിൽ ഏജൻസീസ്, തൃശ്ശൂർ എന്ന സ്ഥാപനം ഒരെണ്ണത്തിന് 27500/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് കരാർ വെച്ചിട്ടുണ്ട്. 90 കിടാരികളെ വിതരണം ചെയ്തതിന്, ഗുണഭോക്തൃവിഹിതമുൾപ്പെടെ 24,75,000/- രൂപ ടിയാൾക്ക് നൽകിയിട്ടുണ്ട്. കരാർ പ്രകാരം നൽകിയിട്ടുള്ള ഈ ബിൽ തുകയിൽ നിന്നും ആദായ നികുതിയിനത്തിൽ 1% തുക കുറവു ചെയ്യേണ്ടതായിരുന്നു. ആദായ നികുതിയിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക – 24,75,000 @1% = 24,750/-.

ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണത്തിന് നൽകിയ മറുപടിയിൽ ടി തുക കരാറുകാരിയിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തപക്ഷം ഈ തുക നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ചെലവ് വിവരം-

ബിൽ നം 2/2016-17, തീയതി,22.2.17 306000

ബിൽ നം 3/2016-17, തീയതി, 28.2.17 144000

ബിൽ നം 4/2016-17, തീയതി, 28.2.17 132000

ബിൽ നം 5/2016-17, തീയതി, 14.3.17 168000

ബിൽ നം 6/2016-17, തീയതി, 28.3.17 180000

-ഗുണഭോക്തൃ വിഹിതം 15,45,000/-

## 3-5 കൃഷി അസിസ്റ്റൻറ് ഡയറക്ടർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

എ. ടെണ്ടർ ക്ഷണിക്കാതെ വാങ്ങിയതുമൂലം ജൈവവളത്തിന് അധിക തുക നല്കി

തെങ്ങ് കൃഷി വികസനം(പ്രോജക്ട് നം -S0036/17) പദ്ധതിയുമായി ബന്ധപ്പെട്ട് 500 തെങ്ങുകൾ വീതമുള്ള 28 ക്ലസ്റ്ററുകൾക്ക് 75% സബ്സിഡി നിരക്കിൽ തെങ്ങൊന്നിന് 3kg വേപ്പിൻ പിണ്ണാക്ക്, 1kg എല്ലുപൊടി എന്നിങ്ങനെ വിതരണം ചെയ്യുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം RAIDCO യിൽ നിന്നും ജൈവവളം വാങ്ങി നൽകിയിട്ടുണ്ട്.

| | |
|---|---|
| വേപ്പിൻ പിണ്ണാക്ക് | 42000kg@ 25 = 10,50,000/- |
| എല്ലുപൊടി | 14000kg@ 25 = 3,50,000/- |
| ആകെ | 14,00,000/- |

ടി പദ്ധതിയുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിക്കാതെയാണ് RAIDCO യിൽ നിന്നും കിലോഗ്രാമിന് 25/-രൂപ നിരക്കിൽ വളം വാങ്ങിയിട്ടുള്ളത്. എന്നാൽ ഇതേ കാലയളവിൽ സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ (ചേർത്തല നഗരസഭ) ടെണ്ടർ ക്ഷണിച്ച് ടി പദ്ധതി നടപ്പിലാക്കിയപ്പോൾ കിലോഗ്രാമിന് 24/-രൂപ നിരക്കിൽ വേപ്പിൻപിണ്ണാക്ക് KAICO/RAIDCO യിൽ നിന്നും ലഭിക്കുകയുണ്ടായി.

ടെണ്ടർ ക്ഷണിക്കാതെ പദ്ധതി നടപ്പിലാക്കിയതുമൂലം അധിക തുക നൽകാനിടയായി. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, 2016 നവംബറിൽ വിതരണം സംബന്ധിച്ച് RAIDCOയുമായി കരാർ വച്ചിരുന്നുവെന്നും ടെണ്ടർ ക്ഷണിച്ച് വാങ്ങണമെന്ന ഉത്തരവിറങ്ങിയത് 2017 ജനവരിയിലായതിനാൽ പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടാവുമെന്നതിനാലാണ് കരാർ റദ്ദാക്കാതെ പദ്ധതി നടപ്പാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെലവ് വിവരം -14,00,000/-രൂപ

(ബിൽ നം 5/2016-17, 1050000/- തീയതി, 27.3.17

-ഗുണഭോക്തൃവിഹിതം രൂപ 3,50,000/-)

ബി) ജൈവവളം വാങ്ങി വിതരണം ചെയ്തത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

താഴെപ്പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ജൈവവളം വാങ്ങിയതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | വാങ്ങിയ ഇനം | അളവ് | തുക | ചെലവ് വിവരം |
|---|---|---|---|---|
| തെങ്ങ് കൃഷിവികസനം (പ്രോജക്ട് നം -S0036/17) | വേപ്പിൻപിണ്ണാക്ക് | 42000 kg | 1050000/- | ബിൽ നം 5/2016-17, 1050000/- തീയതി,27.3.17 -ഗുണഭോക്തൃവിഹിതം രൂപ 3,50,000/- |
| " | എല്ലുപൊടി | 14000kg | 350000 | |
| വാഴകൃഷി വികസനം (പ്രോജക്ട് നം -S0037/17) | മണ്ണിര കമ്പോസ്റ്റ് | 19520Kg | 195200 | ബിൽനം 3/2016-17, 375760/- തീയതി,8.3.17 -ഗുണഭോക്തൃവിഹിതം രൂപ 131760/- |
| ആകെ | | | 1595200/- | |

ജി.ഒ.(ആർ.ടി) 2037/2016/തസ്വഭവ 30-06-16-ാം നമ്പർ സബ്സിഡി മാർഗ്ഗരേഖ ഭേദഗതി പ്രകാരം

ജൈവവള സബ്സിഡി പണമായി ബാങ്ക് അക്കൗണ്ടുകൾ വഴി നൽകുവാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ മേൽ പ്രോജക്ടുകൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ വളം വാങ്ങി വിതരണം ചെയ്യുകയാണുണ്ടായത്. മേൽ നിർദ്ദേശം പാലിക്കാതിരുന്നത് ക്രമപ്രകാരമല്ല. സബ്സിഡി മാർഗ്ഗരേഖ പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 സിഎച്ച്സി-ഡയാലിസിസ് യൂണിറ്റിലേയ്ക്ക് മരുന്ന് വാങ്ങൽ

1) പ്രോജക്റ്റ് നം. -എസ്സ്0013/17

അടങ്കൽ -5,00,000/-

ചെലവ് -5,00,000/-

ബിൽ നം. -2/16-17/30-11-2016

നിർവ്വഹണം -മെഡിക്കൽ ഓഫീസർ, സിഎച്ച്സി, ഉറവൂർ

2) പ്രോജക്റ്റ് നം. -എസ്സ്0088/17

അടങ്കൽ 5,00,000/-

ചെലവ് 5,00,000/-

ബിൽ നം. 10/16-17/16-03-2017

നിർവ്വഹണം മെഡിക്കൽ ഓഫീസർ, സിഎച്ച്സി, ഉറവൂർ

മെഡിക്കൽ ഓഫീസർ, സിഎച്ച്സി, ഉറവൂർ നിർവ്വഹണം നടത്തിയ ഈ രണ്ട് പ്രോജക്റ്റുകൾക്കും കൂടി ഡയലാസിസ് യൂണിറ്റിന് മരുന്ന വാങ്ങുന്നതിനായി 10ലക്ഷം രൂ. ചെലവ് ചെയ്തിട്ടുണ്ട്. ഡിഡി നം. 973725/09-02-2017 പ്രകാരം അഞ്ച് ലക്ഷം രൂപ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയ്ക്കും, അഞ്ച് ലക്ഷം രൂ. 25-03-2017 ൽ കേരള മെഡിക്കൽ കോർപ്പറേഷനും (ആർടിജിഎസ്സ്) നൽകിയിട്ടുണ്ട്. എന്നാൽ എട്ട് തവണയായി ആകെ 2,13,998/- രൂപയുടെ മരുന്നുകൾ ലഭിച്ചതായുള്ള രേഖകൾ മാത്രമേ ഫയലിലുള്ളൂ. ബാക്കി 7,86,002/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. അതിനാൽ 7,86,002/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/30.10.17) മറുപടി ഹാജരാക്കിയിട്ടില്ല.

## 3-7 കാലി വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു -നഷ്ടം 14000/-

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം ചെയ്ത വികസനഫണ്ട് ഉപയോഗിച്ചുള്ള ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ഇ-ടെണ്ടർ ചെയ്തിരിക്കുന്നത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു. ഹൈറ്റം റേറ്റിലാണ് ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നെങ്കിലും വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നത് അധികച്ചെലവിനിടയാക്കി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിൻ/എം ബുക്ക് | വീപ്പയുടെ വില (156Kg/Barrel) | ചെലവു വിവരം (ബിൽ നം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പെരുമ്പത്ത് കാത്തിരങ്ങ് റോഡ് മെറ്റിലിംഗ് &ടാറിംഗ് | P.V.എബ്രഹാം | 886.20 kg<br>MB -06/16-17 | 6 @250 = 1500 | 6/25-11-16 രൂപ 426645/- |
| വല്ലേത്തോട്-ചില്ലംതറ റോഡ് മെറ്റിലിംഗ് &ടാറിംഗ് | P.V ജോസ് | 1066.605 kg<br>MB -02/16-17 | 7@250 = 1750 | 15/30-03-17 രൂപ 392149/- |
| അടവാക്കൽ-ഉദയകാട് റോഡ് ടാറിംഗ് | P.V എബ്രഹാം | 1060.06 kg<br>MB -04/16-17 | 7@250 = 1750 | 10/27-03-17 രൂപ 426780/- |
| പണിക്കംതുരത്ത -കായൽത്തീരം റോഡ് മെറ്റിലിംഗ് | P.V എബ്രഹാം | 1916.513 kg<br>MB -03/16-17 | 13@250 = 3250 | 8/20-03-17 രൂപ 443168/- |
| കൊച്ചുവെളിക്കവല- RF ലിങ്ക് റോഡ് മെറ്റിലിംഗ് &ടാറിംഗ് | P.V ജോസ് | 881.98 kg<br>MB -01/16-17 | 6@250 =1500 | 12/27-03-17 രൂപ 365134/- |
| കരീത്തറ റോഡ് മെറ്റിലിംഗ് | P.V ജോസ് | 974kg<br>MB -05/16-17 | 7@250 =1750 | 11/27-03-17 രൂപ 426645/- |
| കോന്നനാട്ട് - കായൽത്തീരം റോഡ് മെറ്റിലിംഗ് | P.V ജോസ് | 1456.20kg<br>MB -42/14-1586.20 kg<br>MB -06/16-17 | 10@250<br>= 2500/- | 4/23-11-16 രൂപ 547059/- |
| | | ആകെ | 14000/- | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/31.10.17)മറുപടി നൽകിയില്ല.

## 3-8 നാളികാട്ട് -വേന്തനേഴത്ത് റോഡ് കാനനിർമ്മാണം -പാർശ്വ ഭിത്തി നിർമ്മിച്ചത് സിമന്റ് കോൺക്രീറ്റിംഗിൽ - റീഇൻഫോഴ്സ്മെന്റിന് തുക അനുവദിച്ചു

പ്രോജക്ട് നം - S0089/16

കരാറുകാരൻ - N.Rതിലകൻ

അളവു പുസ്തകം-39/2015-16

ചെലവ് വിവരം -ബിൽ നം -03/16-17 തീയതി 14-11-16 രൂപ 476527/-

a. ടി പ്രവൃത്തിയിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ RCC ഡ്രയിൻ നിർമ്മിക്കുന്നതായാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ കാനയുടെ പാർശ്വ ഭിത്തി നിർമ്മിച്ചിരിക്കുന്നത് 1:3:6 സിമന്റ് കോൺക്രീറ്റിംഗിലാണ്. 69.90 മീറ്റർ നീളത്തിൽ നിർമ്മിച്ചിരിക്കുന്ന കാനയുടെ പാർശ്വ ഭിത്തിയുടെ ഉയരം 27 മീറ്റർ നീളത്തിന് 0.90മീറ്ററും 20 മീറ്റർ നീളത്തിന് 0.85മീറ്ററും 22.90 മീറ്റർ നീളത്തിന് 0.75മീറ്ററുമാണ്. ഇതിന് നൽകിയിരിക്കുന്ന റീഇൻഫോഴ്സ്മെന്റിന്റെ (10mm) അളവ് ചുവടെ കൊടുക്കുന്നു.

Main bar 2x466x0.90 = 838.80 m

Distributor 2x6x69.90 = 838.80m

1677.6 @0.617kg/m = 1035.08 kg

കാനയുടെ പാർശ്വ ഭിത്തി നിർമ്മിച്ചിരിക്കുന്നത് 1:3:6 സിമന്റ് കോൺക്രീറ്റിംഗിലായതിനാൽ പാർശ്വഭിത്തിക്ക് റീഇൻഫോഴ്സ്മെന്റിന്റെ ആവശ്യമില്ല. അതിനാൽ 1035.08 kg റീഇൻഫോഴ്സ്മെന്റിന് അനുവദിച്ച തുക 97960/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (1035.08@94.64/Kg).

b. ടി പ്രവൃത്തിയിൽ 1X0.70X0.15 മീ സൈസിലുള്ള 63 കവറിംഗ് സ്ലാബ് നിർമ്മിച്ചിട്ടുണ്ട്. ഇതിനു നൽകിയ റീഇൻഫോഴ്സ്മെന്റിന്റെ (10 mm)അളവ് ചുവടെ കൊടുക്കുന്നു.

63 X8 X0.70 = 352.80 m

63 X 6 X 1 = 378

730.8 m @0.617 = 450.90 kg

മേൽ സൈസിലുള്ള കവറിംഗ് സ്ലാബ് നിർമ്മിക്കുന്നതിന് ആവശ്യമാകുന്ന റീഇൻഫോഴ്സ്മെന്റിന്റെ അളവ് ചുവടെ കൊടുക്കുന്നു.

63 X8 X0.65= 327.60m

63 X 6 X 0.95 = 359.10

686.70 m @0.617kg/m = 423.70 kg

അധികം അനുവദിച്ചത് - 450.90 – 423.70 = 27.20 kg

അധികം നൽകിയ തുക = 27.20 @ 94.64/kg = 2574/-

അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/31.10.17)മറുപടി നൽകിയില്ല.

## 3-9 ബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ അറ്റകുറ്റപ്പണി

പ്രോജക്ട് നം - S0076/17

അടങ്കൽ - 17 ലക്ഷം (മെയിന്റനൻസ് ഗ്രാന്റ്)

കരാറുകാരൻ - K. ബൈജു (ഐറ്റം റേറ്റ് കോൺട്രാക്ട്)

അളവു പുസ്തകം-14 A /16-17

ചെലവ് വിവരം -ബിൽ നം -20/16-17 തീയതി 30-03-17രൂപ 1109342/- (പാർട്ട് ബിൽ)

a). ടി പ്രവൃത്തിയുടെ അപ്പന്റിക്സ് ബി ഇനം 4 - അലുമിനിയം ട്രഫോൾഡ് ഷീറ്റ് ഉപയോഗിച്ചുള്ള മേൽക്കൂര നിർമ്മാണമാണ്. എസ്റ്റിമേറ്റ് പ്രകാരം ടിയിനത്തിന് വകയിരുത്തിയിരിക്കുന്ന തുകയും നിരക്കും ചുവടെ കൊടുക്കുന്നു.

485.40$M^2$ @748.80/$m^2$ = 363468/-

ഐറ്റം റേറ്റിൽ ടെണ്ടർക്ഷണിച്ചതനുസരിച്ച് കരാറുകാരൻ മേൽ പ്രവൃത്തി ചെയ്യുന്നതിന് ക്വോട്ട് ചെയ്ത നിരക്ക് 100/$m^2$ ആണ്. ടിയിനം 359.32$m^2$ ചെയ്തതിന് 35932/-രൂപ അനുവദിച്ചിട്ടുണ്ട്. നിരക്കിൽ 86.65% കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്രയും കുറഞ്ഞ നിരക്കിൽ മേൽ ഇനം എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷനിൽ പറയും വിധമുള്ള അലുമിനിയം ട്രഫോൾഡ് ഷീറ്റ് (Aluminium traffold sheet 0.450mm, total coated thickness with zinc coating 120 grams per sqm in 240mpa steel grade, 5-7 microns epoxy primer on both side of the sheet and polyester topcoat 15-18 microns.&sheet should have protective guad film) ഉപയോഗിച്ച് നിർമ്മിക്കുവാൻ സാധ്യതയില്ലാത്തതിനാൽ വിശദമായ അന്വേഷണത്തിന് ഭരണവകുപ്പിനെ ചുമതലപ്പെടുത്തുന്നു. ഇതിനായി ചെലവഴിച്ച 35932/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

b). ടി പ്രവൃത്തിയുടെ അപ്പന്റിക്സ് ബി ഇനം 10 – കമ്മ്യൂണിറ്റി ഹാളിന്റെ തറയിൽ സെറാമിക് ടൈൽ വിരിക്കുക എന്നതാണ്. വരാന്തയിൽ ടൈൽ പതിച്ചതിന്റെ അളവ് രേഖപ്പെടുത്തിയപ്പോൾ അതിൽ നിന്നും വരാന്തയിൽ സ്ഥിതിചെയ്യുന്ന 14 തൂണുകളുടെ വിസ്തീർണം കുറവു ചെയ്തില്ല.

14 തൂണുകളുടെ വിസ്തീർണം - 14 X0.4 X 0.4 = 2.24 $m^2$

കുറവു ചെയ്യേണ്ട തുക - 2.24 @1000/$m^2$ (കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് ) =2240/- ടി തുക ഫൈനൽ ബില്ലിൽ നിന്നും ക്രമീകരിക്കേണ്ടതാണ്.

c). ടി പ്രവൃത്തിയിൽ ഇന്റർലോക്കിംഗ് ടൈൽ 341.847$m^2$ വിരിച്ചതായി രേഖപ്പെടുത്തി 900/$m^2$ നിരക്കിൽ 307662/- രൂപ അനുവദിച്ചിട്ടുണ്ട്. അപ്പന്റിക്സ് A – 8-ാം ഇനമായി ഗ്രാവൽ ഫില്ലിംഗ് നടത്തിയ അളവ് തന്നെയാണ് ഇന്റർലോക്കിംഗ് ടൈൽ വിരിച്ചിരിക്കുന്നതിന്റെയും അളവായി രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാവൽ ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും തെങ്ങ്, വാഷ് ഏരിയ, സ്റ്റെപ്പ് എന്നിവ ഉൾപ്പെടുന്ന 11.7$m^2$ സ്ഥലത്ത് 0.10 മീറ്റർ കനത്തിൽ ഫില്ലിംഗ് നടത്തിയതിന് വരുന്ന അളവ് 1.17$m^3$ അളവ് കുറവു ചെയ്തിട്ടുണ്ട്. എന്നാൽ ഇന്റർലോക്കിംഗ് ടൈൽ വിരിച്ചിരിക്കുന്ന അളവിൽ നിന്നും മേൽപ്പറഞ്ഞത് കുറവു ചെയ്തിട്ടില്ല. അതിനാൽ 11.7$m^2$ അളവിന് തുക അധികം നൽകാനിടയായി. അധികം അനുവദിച്ച തുക – 11.7$m^2$@900/$m^2$=10530/- ഫൈനൽ ബില്ലിൽ ക്രമീകരിക്കേണ്ടതാണ്.

d). 2006-ലെ സർവ്വീസ് ടാക്സ് റൂൾസ് (ഡിറ്റർമിനേഷൻ ഓഫ് വാല്യൂ); 2012-ലെ രണ്ടാം ഭേദഗതിപ്രകാരം കരാറുകാരിൽ നിന്ന് ഒറിജിനൽ പ്രവൃത്തികൾക്ക് പ്രവൃത്തി മൂല്യത്തിന്റെ 40% ന്റെ പകുതി സേവന നികുതിയും (മറുപകുതി സ്ഥാപനം വഹിക്കേണ്ടതാണ്) മറ്റുള്ള പ്രവൃത്തികൾക്ക് (including repair, maintenance,plastering of immovable property etc.,) പ്രവൃത്തി മൂല്യത്തിന്റെ 70%-ന്റെ പകുതി സേവന നികുതിയും (മറുപകുതി സ്ഥാപനം വഹിക്കേണ്ടതാണ്) 2015-16-മുതലുള്ള പ്രവൃത്തികൾക്ക് ബാധകമാണ്. താഴെപ്പറയുന്ന പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകിയപ്പോൾ സേവന നികുതി കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രോജക്ടിന്റെ അടങ്കൽ തുകയിൽ സേവന നികുതിക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തും നികുതി ഒടുക്കിയതായി കാണുന്നില്ല. ഈടാക്കേണ്ട നികുതിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത വേലയുടെ മൂല്യം | 1109342 |
| പ്രവൃത്തി മൂല്യത്തിന്റെ 70% | 7765394 |
| സേവന നികുതി | 81536 |
| കരാറുകാരനിൽ നിന്നും ഈടാക്കേണ്ട സേവന നികുതി | 40768 |
| സ്ഥാപനം ഒടുക്കേണ്ട സേവന നികുതി | 40768 |

ഫൈനൽബില്ലിൽ നികുതി ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/31.10.17)മറുപടി നൽകിയില്ല.

ഖണ്ഡികയിൽ നിരാകരിച്ച തുക -2240 + 10530 = 12770/-

തടസ്സപ്പെടുത്തിയ തുക -35932/-

## 3-10 ഉറവൂർ ഗ്രാമപഞ്ചായത്ത് വാർഡ് -9 SC ഓഡിറ്റോറിയത്തിന് അടുക്കളയും അടിസ്ഥാന സൗകര്യവും - വരവ് -ചെലവു കണക്കൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - s0092/16

കരാറുകാരൻ - നാരായണൻ

അളവു പുസ്തകം-40/2015-16

ചെലവ് വിവരം -ബിൽ നം -05/16-17 തീയതി 29-11-16 രൂപ 431673/-

ടി പ്രവൃത്തി ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ചതിന് ഫൈനൽ ബിൽ പ്രകാരം തുക 431673/- ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കൺവീനർക്ക് 407239/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ് -ചെലവു കണക്കൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ മേൽപ്രവൃത്തിക്കായി ചെലവഴിച്ച 431673/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 സേവന നികുതി കരാറുകാരനിൽ നിന്നും ഈടാക്കിയില്ല - ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതവും ഒടുക്കിയില്ല

2006-ലെ സർവ്വീസ് ടാക്സ് റൂൾസ് (ഡിറ്റർമിനേഷൻ ഓഫ് വാല്യൂ); 20.06.2012 ലെ 30/12 സേവനനികുതി നോട്ടിഫിക്കേഷൻ പ്രകാരം കരാറുകാരിൽ നിന്ന് ഒറിജിനൽ പ്രവൃത്തികൾക്ക് പ്രവൃത്തി മൂല്യത്തിന്റെ 40% ന്റെ പകുതി സേവന നികുതിയും (മറുപകുതി സ്ഥാപനം വഹിക്കേണ്ടതാണ്) മറ്റുള്ള പ്രവൃത്തികൾക്ക് (including repair, maintenance, plastering of immovable property etc.,) പ്രവൃത്തി മൂല്യത്തിന്റെ 70%-ന്റെ സേവനനികുതി (അതാത് സമയം പ്രാബല്യത്തിലുള്ള നിരക്കിൽ) ഈടാക്കേണ്ടതാണ്. 2015-16-മുതലുള്ള പ്രവൃത്തികൾക്ക് ഇത് ബാധകമാണ്. എന്നാൽ തൻവർഷം ബ്ലോക്ക്പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള സേവന നികുതി ബാധകമായിട്ടുള്ള താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്ന് നിയമാനുസൃതമുള്ള സേവന നികുതി (10.5% നിരക്കിൽ) ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ കരാറുകാരന്റെ പേര് | പ്രവൃത്തി മൂല്യം | കരാറുകാരനിൽ നിന്നും ഈടാക്കേണ്ട സേവന നികുതി @5.25% | ബിൽ നം./ തുക |
|---|---|---|---|---|
| 1. | വെട്ടക്കൽPHC അറ്റകുറ്റപ്പണി (S0080/17) P.V ജോസ് | 451388/- MB-17/16-17, MB- 9/16-17 70% of 451388=315972 | 16588 | 13/30-03-17രൂപ 451388/- |
| 2. | എസ്.ടി കോളനി കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണി (S007817) രാഘവേന്ദ്ര ഷേണായ് | 307668/- MB -10/16-17, MB 21/16-17 70% of 307668 =215368/- | 11307/- | 16/30-03-17രൂപ 3307668/- |
| | | ആകെ | 27895/- | |

ഇത്രയും തുക(27895/-)സ്ഥാപനവും സേവന നികുതിയിനത്തിൽ ഒടുക്കേണ്ടതാണ്. സേവന നികുതി ക്രമ പ്രകാരം ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-12 പട്ടികജാതി വൃദ്ധജനങ്ങൾക്ക് ആയുർവ്വേദ ആരോഗ്യപരിപാലന പരിപാടി-അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ 'പട്ടികജാതി വൃദ്ധജനങ്ങൾക്ക് ആയുർവ്വേദ ആരോഗ്യപരിപാലന പരിപാടി' (പ്രോജക്ട് നം-S0050/17) പദ്ധതിയുടെ ഉദ്ദേശലക്ഷ്യം ആയുർവ്വേദ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് മരുന്നുകളാവശ്യമായ പട്ടിക വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങളെ കണ്ടെത്തി അവർക്കാവശ്യമായ മരുന്നുകൾ വാങ്ങി വിതരണം നടത്തുന്നതിനായി ബ്ലോക്ക് പരിധിയിലുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും മെഡിക്കൽ ഓഫീസർമാരെ ഏൽപ്പിക്കുക എന്നതായിരുന്നു. (ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 24.12.2016 ലെ I(2) നം തീരുമാനം). ഇതനുസരിച്ച് ഓരോ മെഡിക്കൽ ഓഫീസർമാരും സമർപ്പിച്ച ഇൻഡൻറ് പ്രകാരമുള്ള മരുന്നുകൾ നൽകുന്നതിനായി ഔഷധിക്ക് ഓർഡർ കൊടുക്കുകയും 10.3.2017ൽ ഔഷധി മാനേജിങ് ഡയറക്ടർക്ക് 9ലക്ഷം രൂപ (PNB, Kuttanelloor Branch, A/C No.5913005900000015) കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇൻഡൻറ് നൽകുന്നതിന് മുമ്പായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയോ രോഗനിർണ്ണയം നടത്തി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

9 ലക്ഷം രൂപ കൈമാറിയതിൽ എത്ര രൂപയുടെ മരുന്നുകൾ ലഭിച്ചുവെന്നോ ലഭിച്ച മരുന്നുകൾ ഏതൊക്കെ ഡിസ്പെൻസറികൾക്ക് നൽകിയെന്നോ സംബന്ധിച്ച വ്യക്തമായ രേഖകൾ ഇല്ല. പരിശോധനയ്ക്ക് ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം 200023/-രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ഫയലിൽ കാക്കത്തോട് ഗവ.ആയുർവ്വേദ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ നല്കിയ കത്തിൽ ഇൻവോയ്സ് നം. 2543 തീയതി 25.3.2017പ്രകാരം 67909/- രൂപയുടെ മരുന്ന് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി ഇൻവോയ്സ് ഫയലിൽ കാണുന്നില്ല. ലഭ്യമാക്കിയ മരുന്നുകളിൽ 11,375/- രൂപയുടെ മരുന്നുകൾ കുറവുള്ളതായി കൈപ്പറ്റിയ മെഡിക്കൽ ഓഫീസർമാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ കത്തിടപാടുകൾ നടത്തിയതായി രേഖയില്ല. ഇൻവോയ്സ് പ്രകാരം കൈപ്പറ്റിയ മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | തുക | കൈപ്പറ്റിയ മെഡിക്കൽ ഓഫീസർ | കുറവുള്ള മരുന്നിന്റെ വിവരം |
|---|---|---|---|---|
| 1 | 2542/25-3-17 | 71292/- | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, കുത്തിയതോട് (മറ്റ് ഡിസ്പൻസറികൾക്ക് കൈമാറുന്നതിനായി) | ക്രമനം.14- ജടാമയാദിലേപ ചൂർണ്ണം 729/-രൂപ |
| 2 | 2544/25-3-17 | 64056/- | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, പട്ടണക്കാട് | ക്രമനം.7- സുകുമാരരസായനം 10650/-രൂപ |
| 3 | 2546/25-3-17 | 64675/- | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, കുത്തിയതോട് | - |

സ്റ്റോക്ക് രജിസ്റ്ററും മരുന്ന് വിതരണ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അതിനാൽ ലഭ്യമായ മരുന്നുകൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റും അവരുടെ ഐഡൻറിഫിക്കേഷൻ കാർഡും ഇല്ലാതെ ഡിസ്പൻസറികളിൽ സൂക്ഷിച്ചിരിക്കുന്ന മരുന്നുകൾ അർഹരായ പട്ടികജാതി വൃദ്ധജനങ്ങൾക്ക് തന്നെയാണോ ലഭിക്കുന്നത് എന്നും വ്യക്തമല്ല. ഗ്രാമ പഞ്ചായത്തുകൾ മുഖേന വൃദ്ധജനങ്ങൾക്ക് മരുന്ന് വിതരണം നടത്തുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നിരിക്കെ, ഇത്തരത്തിലൊരു പദ്ധതി ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായി ഏറ്റെടുത്ത് നടത്താതിരുന്നത് സംബന്ധിച്ച്

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.11,തീയതി 31.10.17) നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മരുന്ന് വാങ്ങുന്നതിനായി 9 ലക്ഷം രൂപ ഔഷധിക്ക് കൈമാറിയെങ്കിലും ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം 200023/- രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 699977/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

അടങ്കൽ : 906000/-(എസ് സി പി)

ചെലവ് വിവരം -

ബിൽ നം BP/OG/08/2016-17, 900000 dt. 08.3.17

## 3-13 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

(എ)നിബന്ധനകൾ പാലിക്കാതെ ചെലവ് നടത്തി

1. കേരളോത്സവം

പ്രോജക്ട് നം.S0015/17

അടങ്കൽ 1,30,000/-( തനത് ഫണ്ട് 1,00,000/-+ യുവജനക്ഷേമബോർഡ് 30,000/-)

ചെലവ് 1,00,000/-(ബിൽ നം.21/16-17 തീയതി.28.01.017)

2016-17 വർഷത്തെ കേരളോത്സവവുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധിച്ചതിൽ ക്വട്ടേഷൻ ക്ഷണിക്കാതെ സ്പോർട്സ് ഐറ്റംസ് വാങ്ങിയതിന് ലഭ്യമാക്കിയ ബില്ലുകളിൽ ക്രമ നം.29,30,31എന്നിവ ഒരു ദിവസം ഒരേഷോപ്പിൽ നിന്ന് വാങ്ങിയവയാണ് എന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാനത്തിന്റെ പേര്/ഇനം | ഇൻവോയിസ് നം./തീയതി | തുക |
|---|---|---|---|
| 29 | സിറ്റി സ്പോർട്സ്/ സ്പോർട്സ് ഐറ്റംസ് | 1257/05.12.16 | 12420/- |
| 30 | സിറ്റി സ്പോർട്സ്/ മൊമെന്റോസ് | 1258/-05.12.16 | 11460/- |
| 31 | സിറ്റി സ്പോർട്സ്/ സ്പോർട്സ് ഐറ്റം | 1260/-05.12.16 | 900/- |
| ആകെ | | | 24780/- |

ഇതിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കാതെ പെറ്റി പർച്ചേസ് എന്ന രീതിയിൽ വാങ്ങുന്നതിനായാണ് ഇപ്രകാരം വിവിധ ബില്ലുകളിലായി വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. ഇത് ആശാസ്യമായ പ്രവണതയല്ല.

2. പദ്ധതി ആസൂത്രണ നിർവ്വഹണം

പ്രോജക്ട് നം.S0016/17

അടങ്കൽ 1,50,000/- (1,48,800/-വികസന ഫണ്ട് പൊതുവിഭാഗം+തനത് ഫണ്ട് 1,200/-)

ചെലവ് 115340/-(ബിൽ നം.13/16-17തീയതി.19.12.17)

കരട് പദ്ധതി രേഖ, അന്തിമ പദ്ധതി രേഖ എന്നിവ പ്രിൻറ് ചെയ്തതിന് മാധവ് ഓഫ്സെറ്റ് പ്രിന്റേഴ്സിന് 23700/- രൂപ നൽകിയിട്ടുണ്ട്(ബിൽ നം.626/22.08.16) എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ

പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേല്പറഞ്ഞ വാങ്ങലുകൾ മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിക്കാതെ നേരിട്ട് നടത്തിയതുമൂലം GO(Rt) 2487/2016 LSGD 20.08.2016 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായുള്ള മാർഗ്ഗരേഖ (പ്രൊക്യൂർമെന്റ് മാനുവൽ-2016) ഖ.2.5 പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് ടി ചെലവുകൾ നടത്തിയിരിക്കുന്നത്. ഇത് പൊതുപണത്തിന്റെ ദുർവിനിയോഗമായാമയാമണ് കണക്കാക്കുന്നത്. പ്രൊക്യൂർമെൻറ് മാനുവലിലെ നിബന്ധനകൾ പാലിക്കാതെ ചെലവുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/30.10.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-14 അംഗപരിമിതർക്ക് ലഘൂകരണ ഉപകരണം (ജനറൽ)- വകയിരുത്തിയതിനേക്കാൾ അധികം തുക ചെലവഴിച്ചു

പ്രോജക്റ്റ് നം. – എസ്സ്0042/17

അടങ്കൽ – 13,00,000/-

ചെലവ് – 15,70,961/-

ബിൽ നം. – 1/16-17

നിർവ്വഹണം – സിഡിപിഒ

2016-2017 ൽ സിഡിപിഒ നിർവ്വഹണം നടത്തിയ അംഗപരിമിതർക്ക് ലഘൂകരണ ഉപകരണം (ജനറൽ) എന്ന പദ്ധതിക്കായി 13,00,000/- രൂപയാണ് പ്രോജക്റ്റിൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഈ പദ്ധതിക്കായി 15,70,961/-രൂ. ചെലവഴിച്ചതായി ഫയലിൽ കാണുന്നു. പ്രോജക്റ്റിൽ വകയിരുത്തിയതിനേക്കാൾ 2,70,961/- രൂ. അധികമായി ചെലവഴിച്ചു. ഈ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/30.10.17) മറുപടി ലഭ്യമാക്കിയില്ല. അധികം ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

രസീത് & പേമെന്റ് അക്കൗണ്ട്

മുന്നിരിപ്പ് -64622309

വരവ് -107541843

ആകെ -172164152

ചെലവ് -121751200

നീക്കിയിരിപ്പ് -50412952

അപാകതകൾ

1. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം തൻവർഷം ലഭിച്ച എല്ലാ തുകകളും രസീത്&പേമെന്റ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയില്ല. കേരളോത്സവം, ആർ.ആർ.ഡ്യൂസ് എന്നീയിനങ്ങളിൽ തൻവർഷം ലഭിച്ച തുകകൾ രസീത് & പേമെന്റ് അക്കൗണ്ടിൽ ചേർത്തിട്ടില്ല.
2. വാടക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. R.P 31 വികസന ഫണ്ട് പൊതുവിഭാഗം ഇനത്തിൽ 2,59,87,981/-രൂപയാണ് വരവുള്ളതായി കാണിച്ചിരിക്കുന്നത്. എന്നാൽ ടി വരവിൽ ഉൾപ്പെട്ട 13,21,406/- രൂപ(ഐ.എ.വൈ.മുൻവർഷത്തെ വീടുകൾക്ക് ധനസഹായം-പൊതുവിഭാഗം), 1,88,000/-രൂപ (പത്താം തരം തുല്യതാ പരീക്ഷാഫീസ്) എന്നീ തുകകൾ ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥത്തിൽ വരവില്ല. അതിനാൽ ടി തുകകൾ ഉൾപ്പെടുത്തേണ്ടതില്ല.

ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ്

ആദായം - 85316113

ചെലവ് - 84628758

സർപ്ലസ് - 687355

അപാകതകൾ

I-14(a)യിൽ ഹൌസിംഗ് ജനറൽ ഇനത്തിൽ ചെലവ് 2,28,52,599/- രൂപയാണ് ചേർത്തിരിക്കുന്നത്. യഥാർത്ഥത്തിൽ 13,21,406/- രൂപയുടെ ചെലവ് ഉണ്ടായിട്ടില്ല. അതുപോലെ തന്നെ തുടർ വിദ്യാഭ്യാസം (ജനറൽ) ഇനത്തിൽ 1,88.000/- രൂപയുടെ ചെലവും ഉണ്ടായിട്ടില്ല.

ബാലൻസ് ഷീറ്റ്

ആകെ ആസ്തി - 61808045

ആകെ ബാദ്ധ്യത - 51990679

പഞ്ചായത്ത് ഫണ്ട് - 9817366

അപാകതകൾ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ്വെയറുമായി സംയോജിപ്പിക്കണമെന്നുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം :

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് | 2016-17 | 7441055 | ഹൗസിംഗ് | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |
| | 2016-17 | 15907500 | | | |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇഎംഎസ്സ് ഭവനപദ്ധതി | സ.ഉ.(എംഎസ്സ്)നം310/2008 /തസ്വഭവ 22-11-2008 | 12281000 | 4912485 | 1228100 | 00 | 3684385 |

4-6. <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

4-6. <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം വരവില്ല

4-7. <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | IV(21) | 2000-01 | 21 | കന്നുകാലി ഗർഭ സംരക്ഷണ പദ്ധതിയിൽ അധിക ചെലവ് 28,205/- രൂപ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ | നിർവഹണ ഉദ്യോഗസ്ഥ തുക തിരിച്ചടച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച് ചേർത്തല മുൻസിഫ് കോടതിയിൽ OS No.504/ 15-ാം നമ്പരായി ടിയാൾ കേസ് ഫയൽ ചെയ്തു. |

4-8. <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ആകെ വരവ് | | 172164152 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 107541843 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 121751200 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 29344 |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3893466 |
|---|---|---|

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 14000 | സുന്ദർലാൽ.ഏ.ആർ.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8 | | 2574 | എം.ടി.ശിവൻകുട്ടി,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | | 12770 | സുന്ദർലാൽ.ഏ.ആർ.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 29344 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1570961 | ലേഖ, സിഡിപിഒ, പട്ടണക്കാട് |
| 3-6 | 786002 | ഡോ.ആർ. റൂബി, മെഡിക്കൽ ഓഫീസർ, സിഎച്ച്സി, തുറവൂർ |
| 3-8 | 97960 | എം.ടി. ശിവൻകുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | 35932 | സുന്ദർലാൽ.ഏ.ആർ.,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | 431673 | സുന്ദർലാൽ.ഏ.ആർ.,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-12 | 699977 | ഉഷാകുമാരി, പട്ടികജാതി വികസന ഓഫീസർ |
| 3-14 | 270961 | ലേഖ, സിഡിപിഒ, പട്ടണക്കാട് |
| ആകെ | 3893466 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| ഖണ്ഡിക 3-4 | 24750/- | എൽ.സുസ്മിത, ക്ഷീരവികസന ഓഫീസർ |
| 3-9 | 81536/- | സുന്ദർലാൽ.ഏ.ആർ.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-11 | 55790/- | സുന്ദർലാൽ.ഏ.ആർ.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-9

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുന്ദർലാൽ.ഏ.ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | രാജ് നിവാസ്, സിഎംസി 10, ചേർത്തല.പി.ഓ 688524 |
| എം.ടി.ശിവൻകുട്ടി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമാക്കിയില്ല | ഇടത്തിൽ കാട്, എസ്സ്.എൽപുരം |
| ലേഖ,സിഡിപിഒ, പട്ടണക്കാട് | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |
| ഡോ.ആർ.റൂബി, മെഡിക്കൽ ഓഫീസർ, സിഎച്ച്സി, ഉറവൂർ | മെഡിക്കൽ ഓഫീസർ, സിഎച്ച്സി, ഉറവൂർ | കൃഷ്ണഗായത്രി, സിഎംസി 30, ചേർത്തല |
| എൽ.സുസ്മിത, ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ, പട്ടണക്കാട് | സംഗീത, പുന്നപ്രനോർത്ത്.പി.ഒ ആലപ്പുഴ |
| ഉഷാദേവി, എസ്.സി.ഡി.ഒ | എസ്.സി.ഡി.ഒ. | രേവതി, കടക്കരപ്പള്ളി.പി.ഒ ചേർത്തല |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,18.03.2014 |
| 2002-2003 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2003-2004 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2005-2006 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2006-2007 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2010-2011,2011-2012 | എൽ.എഫ്.എ.ബി.പി-533/13/19.10.13 |
| 2012-2013 | എൽ.എഫ്.എ.ബി.പി-246/15/4.03.15/9.04.15 |
| 2013-2014 | കെ.എസ്.എ-എ.പി.ബി.പി/1206/16 തീയതി, 03.04.17 |
| 2014-15,2015-16 | കെ.എസ്.എ-എ.എൽ.പി.ബി.പി/1167/2016 തീയതി, 26.12.16 |

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-1372/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 08.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 13-ാം വകുപ്പ്, 1994 – ലെ കേരള നഗരപാലിക നിയമം 295 (4) ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

No. KSA-ALP/BP-1372/17

Kerala State Audit Department,

District Audit Office,Alappuzha.
Date: 08.11.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Pattanakkad Block Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Pattanakkad Block panchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of income and expenditure.

.

.

Senior Deputy Director

Kerala State Audit Department

Alappuzha